പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3720 15/05/2017-ൽ മറുപടിക്ക്

## എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ നിയമനം

| **ചോദ്യം**<br>ശ്രീ. ഡി.കെ. മുരളി: | **ഉത്തരം**<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
|---|---|
| (എ) എയ്ഡഡ് സ്കൂളുകളിൽ നിന്നും അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റു സ്ഥാപനങ്ങളിലേക്ക് മാറ്റി നിയമിക്കുന്നത് സംബന്ധിച്ച് സർക്കാർ നയം എന്താണ്; | (എ) കെ.ഇ.ആർ അദ്ധ്യായം 14 എ, ചട്ടം 14 (എ) യിൽ പ്രതിപാദിച്ചിരിക്കുന്ന KSR, Part I, അധ്യായം XI, അധ്യായം IV (c) എന്നീ സർക്കാർ ജീവനക്കാർക്ക് ബാധകമായ നിയമങ്ങളും തത്വങ്ങളും എയ്ഡഡ് സ്കൂൾ ജീവനക്കാർക്കും ഒരു പോലെ ബാധകമാണ്. |
| (ബി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര ജീവനക്കാരെ ഇത്തരത്തിൽ ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (ബി) വിവരം ശേഖരിച്ച് നൽകുന്നതാണ് |
| (സി) ഇങ്ങനെ ഡെപ്യൂട്ടേഷനിൽ നിയമിക്കുമ്പോൾ സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്താൻ പകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്? | (സി) ഡെപ്യൂട്ടേഷൻ ഒഴിവുകൾ ഒരു നിശ്ചിത കാലയളവിലേക്ക് മാത്രമായതിനാൽ ഇത്തരം ഒഴിവുകളിലേക്ക് സംരക്ഷിതാദ്ധ്യാപകരെ ഉപയോഗിച്ചോ, പ്രസ്തുത സ്കൂളിലെ സീനിയർ അവകാശികളാലോ, പ്രസ്തുത കാലയളവിലേക്ക് മാത്രമായി അദ്ധ്യാപകരെ ദിനവേതനാടിസ്ഥാനത്തിൽ നിയമിച്ചോ ഒഴിവുകൾ നികത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ